പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2688 **28-10-2026-ൽ മറുപടിയ്ക്ക്**

ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ജോയി ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) വർക്കല മണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ?

മറുപടി: കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽ 2025-26 സംസ്ഥാന പദ്ധതിയിൽ അനുമതി നൽകിയ 9 പ്രവൃത്തികളിൽ ഒരു പ്രവൃത്തി പൂർത്തിയായി. 5 പ്രവൃത്തികൾ നടന്നു വരുന്നു. ഇവയ്ക്കായി PWD റോഡ് കട്ടിങ് അനുമതിക്കായി നൽകിയ അപേക്ഷ പരിശോധിച്ച് വരുന്നു. ശേഷിക്കുന്ന മൂന്ന് പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

വർക്കല നിയോജക മണ്ഡലത്തിൽ ജൽ ജീവൻ മിഷനിലുൾപ്പെടുത്തി വർക്കല മുനിസിപാലിറ്റിയ്ക്കു സമീപമുള്ള പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയും പള്ളിക്കൽ, മടവൂർ, നാവായിക്കുളം പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയും നടപ്പിലാക്കി വരുന്നു. വർക്കല മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ വഴി നടപ്പിലാക്കി വരുന്ന കണക്ഷനുകളുടെയും ഭരണാനുമതി തുകയുടെയും പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 1**ആയി ചേർക്കുന്നു

വർക്കല മുനിസിപ്പാലിറ്റിക്കു സമീപമുള്ള പഞ്ചായത്തുകൾക്കു വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതി

തിരുവനന്തപുരം ജില്ലയിലെ വർക്കല ആറ്റിങ്ങൽ നിയോജക മണ്ഡലങ്ങളിലുൾപ്പെട്ട ഒറ്റൂർ, വെട്ടൂർ, ചെറുന്നിയൂർ, ചെമ്മരുതി, മണമ്പൂർ, ഇടവ, ഇലകമൺ, നാവായിക്കുളം പഞ്ചായത്തുകളിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള പദ്ധതിയാണിത്. ഈ പദ്ധതിയ്ക്ക് ജൽ ജീവൻ മിഷനിലുൾപ്പെടുത്തി 260.92 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി ഞെക്കാട് 23 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ നിർമ്മാണം പുരോഗമിക്കുന്നു. 80% പൂർത്തീകരിച്ചിട്ടുണ്ട്. ചെറുന്നിയൂരിൽ 8 ലക്ഷം ലിറ്റർ ശേഷിയും, പുത്തൻചന്തയിൽ 5 ലക്ഷം ലിറ്റർ ശേഷിയും, വടശ്ശേരിക്കോണത്ത് 8 ലക്ഷം ലിറ്റർ ശേഷിയുമുള്ള ഉപരിതലജലസംഭരണികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ചെമ്മരുതിയിൽ 8 ലക്ഷം ലിറ്റർ ശേഷിയുള്ള ജലസംഭരണിയുടെ നിർമ്മാണം പുരോഗമിക്കുന്നു. 90% പൂർത്തിയായിട്ടുണ്ട്. മേൽപ്പറഞ്ഞ പഞ്ചായത്തുകളിൽ

ജലവിതരണശൃംഖലകൾ സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്ന പ്രവൃത്തികളും പുരോഗമിക്കുന്നു. റോ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ്ലൈൻ 9300 മീ. സ്ഥാപിച്ചു. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ ആകെ 12917 മീ. സ്ഥാപിച്ചിട്ടുണ്ട്. ജലവിതരണശൃംഖല ആകെ 55.70 കി.മി പൂർത്തീകരിച്ചു. 5958 കുടിവെള്ള കണക്ഷനുകളും നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കേണ്ട കിണറും പമ്പ്ഹൗസിന്റെയും സ്ഥലം ലഭ്യമായിട്ടുണ്ടെങ്കിലും അതിലേക്കുള്ള വഴിക്കാവശ്യമായ സ്ഥലം ലഭ്യമായിട്ടില്ല. ഇതുകാരണം കിണറിന്റെയും പമ്പ്ഹൗസിന്റെയും നിർമ്മാണം ആരംഭിച്ചിട്ടില്ല. കൂടാതെ റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന് ദേശീയ പാത അതോറിറ്റിയുടെ അനുമതിയും ലഭിക്കേണ്ടതുണ്ട്.

പള്ളിക്കൽ, മടവൂർ, നാവായിക്കുളം പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതി

പള്ളിക്കൽ, മടവൂർ, നാവായിക്കുളം പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയ്ക്ക് ജൽ ജീവൻ മിഷനിലുൾപ്പെടുത്തി 208.20 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി മാരൻകോട് 15 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാലയുടെ നിർമ്മാണം പുരോഗമിക്കുന്നു. 60% പൂർത്തീകരിച്ചിട്ടുണ്ട്. കട്ടച്ചലിൽ ഇത്തിക്കര ആറിനു സമീപം കിണറും പമ്പ്ഹൗസിന്റെയും നിർമ്മാണ പ്രവൃത്തികളും പൂർത്തീകരിച്ചു. ഉന്നംകല്ലിലെ ജലസംഭരണിയുടെ നിർമ്മാണ പ്രവൃത്തികൾ 75% പൂർത്തിയായിട്ടുണ്ട്. റോ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ്ലൈൻ 10000 മീറ്റർ സ്ഥാപിച്ചു. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ ആകെ 3782 മി സ്ഥാപിച്ചിട്ടുണ്ട്. ജലവിതരണശൃംഖല ആകെ 222.10 കി.മി. പൂർത്തീകരിച്ചു. 3018 കുടിവെള്ള കണക്ഷനുകളും നൽകിയിട്ടുണ്ട്.

വർക്കല മുനിസിപ്പാലിറ്റിയിൽ അമൃത് 2.0

പദ്ധതിയുടെ ഭാഗമായി 8.24 കോടി രൂപയുടെ എ.സി. പൈപ്പുകൾ മാറ്റിസ്ഥാപിക്കൽ, പൈപ്പ് ലൈനുകൾ വിപുലീകരിക്കൽ, ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകൽ എന്ന പ്രവൃത്തി ഏറ്റെടുത്ത് പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയിൽ ഉണ്ടായ സേവിങ്സ് വിനിയോഗിച്ച് 1.95 കോടി രൂപയുടെ എ.സി. പൈപ്പുകൾ മാറ്റിസ്ഥാപിക്കൽ, പൈപ്പ് ലൈനുകൾ വിപുലീകരിക്കൽ, ഗാർഹിക കുടിവെള്ള കണക്ഷൻ നൽകൽ, പമ്പുകൾ വിതരണം ചെയ്ത് സ്ഥാപിക്കൽ എന്ന പുതിയ പ്രവൃത്തിക്ക് അനുമതി നൽകുകയും ആയത് നിലവിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു. വർക്കല മണ്ഡലത്തിൽ ജലസേചന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം 2** ആയി ചേർക്കുന്നു.

ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ വർക്കല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം 3** ആയി ചേർക്കുന്നു.

വർക്കല നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട മടവൂർ ഗ്രാമ പഞ്ചായത്തിലെ ആശാൻപച്ച എന്ന പ്രദേശത്ത് മിനി ജലവിതരണ പദ്ധതിയുടെ പുനരുദ്ധാരണം നടപ്പിലാക്കുന്നതിന്

വേണ്ടി 4,45,000/- രൂപയുടെ ടെൻഡർ ക്ഷണിച്ച് നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം **1**

പഞ്ചായത്ത്	ആകെ ഗ്രാമീണ വീടുകൾ	**JJM** നു മുൻപ് ഉണ്ടായിരുന്ന കണക്ഷൻ	ഭരണാനുമതി നൽകിയ കണക്ഷൻ	ഭരണാനുമതി തുക **(**ലക്ഷം**)**	**JJM** തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ	നിലവിൽ മൊത്തം കണക്ഷൻ	ഇനി നൽകാനുള്ള കണക്ഷൻ
Chemmaruthy	8716	3048	5676	6378.81	4106	7154	1562
Edava	6442	3094	4152	3538.79	2636	5730	712
Elakamon	6970	2747	5068	2715.31	3517	6264	706
Madavoor - Tvpm	5802	586	5566	6128.45	3868	4454	1348
Navaikulam	10674	1778	8672	10879.62	6375	8153	2521
Pallickal - Tvpm	4584	346	5116	6630.25	2666	3012	1572
Vettoor	4547	2342	2258	2433.77	1631	3973	574
Total	47735	13941	36508	38705.00	24799	38740	8995

അനുബന്ധം 2

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്	അനുവദിച്ച തുക(ലക്ഷത്തിൽ)	നിലവിലെ സ്ഥിതി
1	GENERAL-DESILTING - Removing wastes cleaning blocks and desiltation of Ayiroor river on the right bank D/S OF check dam near Elakamon Panchayath & Ramp work Reach-1-General Civil Work	1.34	90 % പൂർത്തീകരിച്ചു.
2	GENERAL-DESILTING - Removing wastes cleaning blocks and desiltation of Ayiroor river on the right bank D/S OF check dam near Elakamon Panchayath & Maintenance of ramp Reach-2-General Civil Work	1.63	90 % പൂർത്തീകരിച്ചു.
3	GENERAL-Fencing work-Fencing and allied work of Ayiroor River in Ayiroor bridge-General Civil Work.	9	പ്രവൃത്തി ആരംഭിച്ചു
4	General –Kadavu and allied work –construction of kadavu and allied works of Anjumoorthi temple on the left bank of Ayiroor river on Elakamon Pnachayath General civil work.	20	പ്രവൃത്തി സ്ഥലം കരാറുകാരന് കൈമാറിയിട്ടുണ്ട്.
5	GENERAL-Civil Work-Renovation of Pond - Renovation of Muthana Sree Mahadevar Temple pond in Chemmaruthy panchayath in Varkala constituency.-General Civil Work	32.10	90 % പൂർത്തീകരിച്ചു.

അനുബന്ധം 3

ക്രമ നമ്പർ	പ്രവൃത്തി	നിലവിലെ സ്ഥിതി
1	Development of West Coast Canal from ch 49740 to 50900m in Varkala	ശിവഗിരി മുതൽ നടയറ വരെയുള്ള ഭാഗങ്ങളിൽ നിലവിൽ 42% പ്രവർത്തി പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ കനത്ത മഴയെ തുടർന്ന് ഉണ്ടായ മണ്ണിടിച്ചിൽ കാരണം പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്.
2	GENERAL-CSIND-Development of WCC between Ch.50900-52200m at Varkala-Renovationof West Coast Canal between Ch.50900-52200m -	നിലവിൽ 63% പ്രവർത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്. മഴയും മണ്ണിടിച്ചിലും കാരണം പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്.
3	GENERAL-Investigation work at Thottippalam -Investigation work at Vallakkadavu- Thottippalam for new bridge proposal-General Civil Work	പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.
4	GENERAL-Investigation work at Kuruvikadavu-Investigation work for tractor bridge at Kuruvikadavu near Karunnilacode-Investigation Work-	പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.
5	GENERAL-Maintenance at Arivalam 2024-Arivalam boat jetty drainage works and Beautification works along with Arivalam steel footbridge maintenance-General Civil Work	steel foot bridge ന്റെ അറ്റകുറ്റപണികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് അനുബന്ധ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.
6	GENERAL-WCC Boundary stones-Providing and fixing boundary stones along WCC canal Vettoor to Nadayara kayal ch.43780 to ch55170 - General civil work	നിലവിൽ 40 % പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.
7	GENERAL-Shivagiri reach 1 proposals-Investigation at ch.50200 to ch.50500 left bank of WCC for determining suitable protection works-Investigation Work	പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയാറാക്കുന്നത് അന്തിമഘട്ടത്തിലാണ്.

8	GENERAL–Steel bridge Renovation–Renovation of steel bridges atThazhevettor and Onnampalam–Varkala–General Civil Work	പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.
9	GENERAL–CSIND–Protection works to WCC–Providing protection works to WCC near Thazhevettoor Masjid–General Civil Work	പ്രവൃത്തി നടന്നു വരികയാണ്.
10	CSIND – Construction of canal drop instead of super passage at ch. 46220 m of T.S Canal	പ്രവൃത്തി 5% പുരോഗതി കൈവരിച്ചിട്ടുണ്ട്.
11	IND – Development and revival of historic waterway from Anjengo Kayal to Nadayara Kayal (Ch. 42.260 km to 55.170 km) – Revival of two tunnels at Varkala Reach II – from Thazhevettoor to Ramanthaly – ch. 46 km to ch. 49 km	ടി പ്രവൃത്തിയിൽ 45% പുരോഗതി മാത്രമാണ് കൈവരിക്കാൻ സാധിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ പുരോഗതി തൃപ്തികരമല്ലാത്തതിനാലും കരാറുകാരന്റെ ഭാഗത്ത് നിന്നുള്ള നിഷ്ക്രിയത്വവും മൂലം ടി പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്യുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.